# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2615 09.03.2017 ൽ മറുപടിക്ക്**

## കുളങ്ങളുടെ നവീകരണം

**ചോദ്യം**

**ശ്രീ.വി.ജോയി:**

**മറുപടി**

**മാത്യൂ ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) കുളങ്ങൾ നവീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; (ബി) ഇല്ലെങ്കിൽ കുളങ്ങളുടെ നവീകരണത്തിന് ഇറിഗേഷൻ വകുപ്പ് പദ്ധതികൾ തയ്യാറാക്കുമോ? | (എ)& (ബി) ഉണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിതകേരളം പദ്ധതി ഊന്നൽ നല്കുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചിലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS -ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവർത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**